## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ:1236** 05.03.2020 ൽ മറുപടിയ്ക്ക്

**<u>സർക്കാർ തരിശ് ഭൂമി പോക്കുവരവ് ചെയ്ത് പട്ടയം നൽകിയത് സംബന്ധിച്ച്</u>**

**<u>ചോദ്യം</u>**
**ശ്രീ.പി.ടി.തോമസ്**

**<u>മറുപടി</u>**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ഇടുക്കി പള്ളിവാസൽ വില്ലേജിൽ ബ്ലോക്ക് നം. 15 -ൽ മൂന്ന് റിസോർട്ടുകളുടെ ഭൂമി, ലാൻഡ് റജിസ്റ്ററിൽ പാറക്കെട്ടുകൾ നിറഞ്ഞ സർക്കാർ തരിശ് എന്ന് രേഖപ്പെടുത്തിയിട്ടും പോക്കുവരവ് ചെയ്ത് പട്ടയം നൽകിയത് ഏത് വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ; | ഇടുക്കി പള്ളിവാസൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 15-ൽ ഉൾപ്പെട്ട ഭൂമിയിൽ പട്ടയം അനുവദിച്ചിട്ടുള്ളത് 1964 ലെ ഭൂമി പതിവ് ചട്ടപ്രകാരമാണ്. പ്രസ്തുത ബ്ലോക്ക് 15-ൽ റീസർവ്വെ 1/1 ൽ ഉൾപ്പെട്ട ഭൂമി BTR ൽ 'സർക്കാർ തരിശ്' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടി വസ്തു സർക്കാർ, പാറ, പാറക്കെട്ട് എന്നിവയിൽ ഉൾപ്പെടുന്നതായി കാണുന്നില്ല. ടി വസ്തുവിന്റെ റീസർവ്വെ നടപടികൾ സർവ്വെ അദാലത്ത് വഴിയാണ് ചെയ്തിട്ടുള്ളത്. |
| (ബി) | ഈ ഭൂമിക്ക് പട്ടയം നൽകാൻ കഴിയില്ലെന്നും നിയമവിരുദ്ധമായ പട്ടയ അദാലത്തിലാണ് ഈ പട്ടയങ്ങൾ പോക്കുവരവ് ചെയ്തതെന്നും മുൻ കളക്ടർ റിപ്പോർട്ട് ചെയ്തതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | പ്രസ്തുത ഭൂമിയ്ക്ക് പട്ടയം നല്കാൻ കഴിയില്ലെന്നും നിയമ വിരുദ്ധമായ പട്ടയ അദാലത്തിലാണ് ഈ പട്ടയങ്ങൾ പോക്കുവരവ് ചെയ്തതെന്നും മുൻ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പള്ളിവാസൽ വില്ലേജിലെ ബ്ലോക്ക് നം.15-ൽ തണ്ടപ്പേർ റദ്ദാക്കിയ ഭൂമിയിൽ സ്ഥിതിചെയ്യുന്ന റിസോർട്ടുകൾ ഉടമകൾക്ക് തന്നെ പാട്ടത്തിന് നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | പള്ളിവാസൽ വില്ലേജിലെ തണ്ടപ്പേർ റദ്ദ് ചെയ്ത കേസുകളിലെ റിസോർട്ട് ഉടമകളിൽ ഒരാളായ ശ്രീ. ശിശുപാലൻ 22/08/2019 - ലെ സ.ഉ.(എം.എസ്) 269/2019/റവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത |

| | | |
|---|---|---|
| | | ഭൂമി പാട്ടത്തിന് അനുവദിക്കണമെന്ന് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്. പട്ടയ വ്യവസ്ഥകൾ ലംഘിച്ചു കൊണ്ടുള്ള സ്ഥലത്തെ നിർമ്മിതികൾ ഉൾപ്പെടുന്ന സ്ഥലം പാട്ടത്തിന് അപേക്ഷകന് അനുവദിക്കാമോയെന്നതിൻമേൽ ലാന്റ് റവന്യൂ കമ്മീഷണറിൽ നിന്നും വിശദാംശങ്ങൾ തേടിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നിയമാനുസൃതം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | മൂന്നാർ, പള്ളിവാസൽ, ചിന്നക്കനാൽ, കൊട്ടക്കമ്പൂർ മേഖലകളിലെ വ്യാജപട്ടയങ്ങൾ കണ്ടെത്തി റദ്ദ് ചെയ്യുന്നതിന് പകരം പട്ടയവ്യവസ്ഥകൾ ലംഘിച്ചതിന് തണ്ടപ്പേർ റദ്ദ് ചെയ്യുന്നത് കൈയ്യേറ്റ ലോബിക്ക് സഹായകരമാകുമെന്നതിനാൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾപ്രകാരം ഒരിക്കൽ പതിച്ചു നൽകിയിട്ടുള്ള ഭൂമിയിൽ പട്ടയ വ്യവസ്ഥകളുടെ ലംഘനം നടത്തിയാലോ ഭൂമി പതിച്ചു നൽകിയിട്ടുള്ളത് തികച്ചും അനുചിത മാണെന്നോ അല്ലെങ്കിൽ വസ്തുതാ പരമായ പിശക കാരണമായോ അല്ലെങ്കിൽ തെറ്റിദ്ധാരണയുടെ ഫലമായോ അല്ലെങ്കിൽ പതിച്ചു നൽകൽ അധികാരകേന്ദ്രം അതിന്റെ അധികാര പരിധി ലംഘിച്ചുകൊണ്ട് നടത്തിയിട്ടു ള്ളതാണെന്നോ അല്ലെങ്കിൽ നടപടികളിൽ ക്രമക്കേടുള്ളതായോ കണ്ടെത്തുന്ന പക്ഷം, 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ, ചട്ടം 8(3) പ്രകാരം പട്ടയം റദ്ദ് ചെയ്യാവുന്നതും അത്തരത്തിൽ ക്രമക്കേടുകൾ കണ്ടെത്തുന്ന കേസുകളിൽ ഉചിതമായ റദ്ദ് ചെയ്യൽ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. പ്രാഥമിക നടപടി എന്ന നിലയിലാണ് തണ്ടപ്പേർ അക്കൗണ്ടുകൾ റദ്ദ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ